TG1
C35

# നല്ല ശമരിയാക്കാരൻ.

ചാലിൽ ജേക്കബ്.

# നല്ല ശമരിയാക്കാരൻ

T61
C36

ഗ്രന്ഥകൎത്താ,

ചാലിൽ ജേക്കബ്ബ്.

DHARMARAM COLLEGE LIBRARY, BANGALORE
14756

★

ang...
. 15, 19

പ്രസാധകൻ,

സി. കെ. ഫിലിപ്പ്,

ചെന്നിക്കരേത്തുവീട്ട്, ഏഴംകുളം, പറക്കോട്.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

വില എട്ടണ.

പ്രഥമമുദ്രണം — ഒക്ടോബർ 1953.

കോപ്പി — ആയിരം.

അച്ചടി:—

എസ്സ്. ആർ. പി. പ്രസ്സ്, കായംകുളം.

All rights of this book are strictly reserved by
Mrs. Thankamma Jacob,
Chalil Peedikayil,
Pallickal, Kayangulam, T. C [illegible] e.

---

ഗ്രന്ഥകർത്താവിന്റെ കയ്യൊപ്പടയാളം എല്ലാ
പ്രതികളിലും ഉണ്ടായിരിക്കും.

*This book is dedicated to:—*

*Mrs & Mr C. J. Thomas,*

*Edapurayil House, Kattanam,*

*Pallickal, T. C. State,*

*as a mark of enduring love.*

THE AUTHOR.

Kayangulam,
Oct. 15, 1953.

പണിയാളനെ സേവി-

ച്ചീടുക, നിരന്തരം,

പണിയുമവനൊരു

സ്വർഗ്ഗരാജ്യമീമണ്ണിൽ.

# ശ്രീ. ജേക്കബിൻെറ കൃതികളെ പത്രങ്ങൾ പ്രശംസിക്കുന്നു.

1. കാൽവരിയിലെ കരിനിഴലിൽ
2. കന്നിക്കുരുന്നുകൾ
3. നമ്മുടെ കൺമുമ്പിൽ
4. പൊളിയുന്ന കൂടാരത്തിൽ (അച്ചടിയിൽ)

## കാൽവരിയിലെ കരിനിഴൽ

........മതത്തിൻെറ കേന്ദ്രതത്വങ്ങളിൽനിന്നു വ്യതിചലിക്കാത്തതിനാൽ പഴമക്കാൎക്കും, അതിൻെറ ത്യാഗപൂൎണ്ണവും വിപ്ലവാത്മകവും ആയ ഭാഗങ്ങളെ ഊന്നിപ്പറയുകയാൽ പുതുമക്കാൎക്കും രസിക്കുന്ന തരത്തിലാണു് കവിയുടെ പോക്കു്. പരിഷ്ക്കരണവാഞ്ഛ കൃതിയിൽ മുന്നിട്ടുനില്ക്കുന്നു. പുതിയ തത്വസംഹിതകൾക്കു ലോകത്തിൽ എന്നും നേരിടേണ്ടിവരുന്ന എതിൎപ്പുകളെ കവി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മലയാളത്തിൽ ക്രൈസ്തവകഥകൾ വേണ്ടത്ര ഖണ്ഡകാവ്യങ്ങളിൽ പകൎന്നിട്ടില്ല. "മഗ്ദലന മറിയ"ത്തിനുശേഷം നമ്മുടെ മുമ്പിലിരിക്കുന്ന ഈ കൃതിയേപ്പോലുള്ള മറെറാന്നു് ഭാഷയിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. യാഥാസ്ഥിതിക കഥയുടെ കങ്കാളത്തിൽ ഭാവനാംശങ്ങൾ ധാരാളം ചേൎത്തു പിടിപ്പിപ്പാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ടു് കാവ്യത്തിനു കൈവന്ന നാടകീയഛായ എടുത്തു പറയത്തക്കതാണു്. യഹൂദപുരോഹിതന്മാരുടെ വിഭിന്ന വീക്ഷണഗതിവച്ചുള്ള അഭിപ്രായപ്രകടനങ്ങൾക്കു നല്ല തന്മയത്വമുണ്ടു്. മറെറല്ലാകാൎയ്യത്തിലുമെന്നപോലെ ക്രിസ്തുവിൻെറ കാൎയ്യത്തിലും അനുകൂലികളും, ഉദാസീനരും എല്ലാം ഉണ്ടായിരിക്കുക കേവലം സ്വാഭാവികമാണു്;

സംഭാഷണത്തിൽക്കൂടി ആ ചിന്താഗതികൾ പ്രതിഫലിക്കുമ്പോൾ പാത്രങ്ങൾക്കു കൂടുതൽ ജീവൻ കിട്ടുകയും ചെയ്യുന്നുണ്ടു്. കഥ നടന്ന നാട്ടിലെ ഭൂമിശാസ്ത്രം അടുത്തു പരിചയമുള്ള മാതിരി വർണ്ണിച്ചു ഫലിപ്പിപ്പാൻ കവിക്കു കഴിഞ്ഞിരിക്കുന്നു. യഹൂദ സമുദായത്തിലെ ആചാരമര്യാദകളും ചിത്രീകരിച്ചിട്ടുണ്ടു്! ഇതുകൊണ്ടെല്ലാം വായനക്കാർക്കു മുമ്പിൽ അപരിചിതമെങ്കിലും കൗതുകകരമായ ഒരു ലോകം തുറന്നുകാണിപ്പാൻ കവിക്കു സാധിച്ചിരിക്കുന്നു. പററിയ പശ്ചാത്തലവും അന്തരീക്ഷവും സൃഷ്ടിപ്പാനും നിലനിർത്താനും ശ്രീ. ജേക്കബ്ബിന്നു കഴിഞ്ഞിട്ടുണ്ടു്.........

—ജയകേരളം.

........ഇതു വായിക്കുമ്പോൾ ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു് ഭൂമുഖത്തുനിന്നും മറഞ്ഞുപോയ രംഗങ്ങൾ ഉജ്ജ്വലമായ ജീവനും ഭാവപൂർണ്ണതയും കൈക്കൊണ്ടു് കൺമുമ്പിൽ വീണ്ടും അണിനിരക്കുന്നു. എന്നതന്നെയുമല്ല താൻതന്നെ ആ രംഗങ്ങളുടെ ഒരംശമാണെന്നു വായനക്കാരനു് തോന്നിപ്പോകുന്നു. അത്രത്തോളമുണ്ടു് കവിയുടെ കല്പനാശക്തി.

—ഉദയം.

## നമ്മുടെ കൺമുമ്പിൽ

.....സാമാന്യം ദീർഘമായ നാലു ഖണ്ഡകവിതകളുടെ ഒരു സമാഹാരമാണു് 'നമ്മുടെ കൺമുമ്പിൽ'. ഈ കവിതകൾക്കു കഥയില്ലെന്നു് ആരും പറകയില്ല. നാലു കവിതയും കഥാത്മകമാണു്. കഥകളെല്ലാം സ്വാഭാവികമായ ഒരു മധുരരീതിയിൽ ആഖ്യാനം ചെയ്യപ്പെട്ടി

രിക്കുന്നു. അവയ്ക്കൊരു ജീവിതസന്ദേശമുണ്ടു്. ആ സന്ദേശം നമ്മുടെ ഹൃദയത്തിൽ ഊന്നിത്തറയ്ക്കാതിരിക്കയില്ല.

—മാതൃഭൂമി ആഴ്ചപ്പതിപ്പു്.

.....മലയാളത്തിലെ ഉയൎന്നുവരുന്ന കവികളിൽ ഒരാളാണു് ശ്രീ. ജേക്കബ്. വാസനയും വ്യക്തിത്വവും വേണ്ടുവോളമുള്ള ഇദ്ദേഹത്തിന്റെ നാലു കവിതകളുടെ സമാഹാരമാണു് ഈ ഗ്രന്ഥം. പേർ സൂചിപ്പിക്കും പോലെ നമ്മുടെ കൺമുമ്പിൽ നടക്കുന്ന സാധാരണ സംഗതികളാണു് ഇതിലെ വിഷയങ്ങളെല്ലാം. എന്നാൽ എല്ലാററിലും ചിന്തയെ ഉദ്ദീപിപ്പിക്കുന്ന ചില സാമൂഹ്യ പ്രശ്നങ്ങൾ അടക്കുവാൻ കവിക്കു സാധിച്ചിട്ടുണ്ടു്. ഇവയൊന്നും കൃത്രിമമായി, കല്പിച്ചുകൂട്ടി, സംഘടിപ്പിച്ചിട്ടുള്ളതുമല്ല. ഏതാനും അനുഭവകഥകൾ സംഭാഷണബഹുലമായ നാടകീയാന്തരീക്ഷത്തിൽ നിന്നുംകൊണ്ടു കവി പറഞ്ഞുപോകുന്നു, ഇതിൽ നൂതനകല്പനകൾ കൊണ്ടു നിറംപിടിപ്പിച്ചു കലാസുന്ദരമായ ഭാഗങ്ങൾ പലതും കാണും. ഈ കഥാഗതിയിൽ ഒഴുകിപ്പോകുന്ന അനുവാചകർ അറിയാതെ അവിടവിടെ പൊന്തിക്കാണുന്ന സാമുദായികപ്രശ്നങ്ങളിൽ ചെന്നുകയറുന്നു. ഈ പ്രശ്നങ്ങളാകട്ടെ ശാഖോപശാഖകളായി തന്നിയെ പിരിഞ്ഞുപോകുന്നവയാണു്. കവി ചിത്രകാരന്റെ നിലവിട്ടു ഒരിക്കലും ഉപദേശകനായിത്തീരുന്നില്ല. എങ്കിലും അദ്ദേഹത്തിനു എല്ലാററിനെപ്പററിയും ചില അഭിപ്രായങ്ങളുണ്ടു്. അവ കേൾപ്പാൻ കൗതുകമുള്ളവയാണെന്നു മാത്രമല്ല, ചിന്തിപ്പാൻതക്ക കഴമ്പുള്ളവയുമാണു്. ഇതിവൃത്തങ്ങൾ തിരഞ്ഞെടുക്കുന്നതിലും അവയ്ക്കു സുന്ദരമായ രൂപം കൊടുക്കുന്നതിലും എല്ലാററിലും

ഉപരിയായി ചില പ്രായോഗിക പാഠങ്ങൾ നൽകുന്നതിലും കവി തികച്ചും വിജയിച്ചിട്ടുണ്ട്.

—ജയകേരളം.

.........ലളിതമായ ഭാഷയിൽ കവിതയെഴുതുവാനുള്ള ശ്രീ. ജേക്കബിൻെറ പാടവത്തെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

—ഉദയം.

......The four well written poems of this book expose arrogance, prejudices and hypocrisy that are to be seen in society.

—The Hindu.

ശ്രീ. ജേക്കബിൻെറ അടുത്ത കൃതി

## മേരിക്കുട്ടി.

മതത്തിൻെറ മയക്കുമരുന്നുകുടിച്ചു തലകറങ്ങിയ ഒരു പാവപ്പെട്ട സ്ത്രീയെ ജീവിതത്തിൻെറ വെളിച്ചം വീശി ഉണർത്തുന്ന വിപ്ളവാത്മകമായ കാവ്യകഥ.

# നല്ല ശമരിയാക്കാരൻ.

ഒന്നു്.

കനകാഭമാംകിനാ
പ്പൂവുകളിരുത്തൊരു
കവിതാസമാഹാര
മൊരുക്കീ, യുവകവി.

കേരളഭാഷാംഗനാ
തൻ ഗളതലത്തിലാ
വാരെഴുംപെരിണയ
മാലികസമർപ്പിക്കാൻ

പ്രേമലോലയാമാത്മ-
നാഥതൻ കഴുത്തിലെ
ഹേമഹാരകമയാൾ
വെള്ളിനാണ്യമായ് മാററി.

സന്താപസന്തോഷങ്ങ-
ളൊപ്പമായ് പ്പങ്കുകേണ്ടും
തൻകാന്തയ്ക്കയാളേകി,
സ്വാന്തനമേവം, പിന്നെ:—

"സ്വർണ്ണമാലകൾക്കെന്തു
ശാശ്വതമൂല്യം, പ്രിയെ,
മൺതരിവിഴുങ്ങാത്ത
കീർത്തിയോടുപമിക്കിൽ?

എൻവിരൽത്തുമ്പിൽവന്നു
പൂത്തൊരിക്കിനാവുകൾ
നിൻമനോഹരരൂപ
ദർശനസംജാതങ്ങൾ.

വരുവാൻപോകും തല-
മുറ, നിൻചടുലമാം
കരിമീൻകണ്ണിൻവെട്ടി-
ത്തിളക്കം കണ്ടിടണ്ടേ?

എൻമൃദുഹൃദന്തത്തിൽ
വസന്തപ്രഭാതംപോൽ
നിൻപ്രഭാവിലാസങ്ങ
ളത്ഭുത നൃത്തംചെയ്യേ,

എന്തെന്നുവിരിഞ്ഞീല,
കാലത്തിൻകരുത്തെഴും
വങ്കാററിൽപൊഴിയാത്ത
കലതൻ കൽഹാരപ്പൂ?

ഇനിയുംജനിക്കേണ്ട
കന്യമാരെന്നോവാഴ്ത്തൂ,
മിനിയുംജനിക്കേണ്ട
തരുണർ നിന്നെവാഴ്ത്തും.

മംഗളേ! മധുരമാം
നിൻരൂപം പകർത്തിയോ-
രെൻകലാവിരുതേതു
കന്യക കൊതിക്കില!

ഇക്കലാവിരുതിന്മേ-
ലെപ്പോഴും ബിംബിക്കും, നീ-
നാളുതാഭകളേതു
യുവാവു കൊതിക്കില!

നമ്മളങ്ങിനെനിത്യ
രഥ്യയിൽക്കൂടെ, ജന-
സമ്മതിനേടിപ്പോകും
പോക്കെത്ര മനോഹരം!

ആശയുമാവേശവു-
മവശഹൃദയത്തിൻ
പേശികൾതോറുംനിത്യം-
പകൻറു, പകൻറു, നാം.

വീചിമാലയെമേയി
ച്ചലയുംമണിത്തോണി
പോലെപോം സമുദായ
ചിന്തതൻസാനുക്കളിൽ.

ഇന്നത്തെവരമ്പുക-
ളുടയ്ക്കുംമൺവെട്ടിക
ളി,ന്നത്തെ കൊടുങ്കാടു
തെളിക്കുംകോടാലികൾ,

മനുഷ്യവികാസത്തെ
ച്ചവുട്ടിത്താഴ്ത്തുംമന്നൻ
കുതികാല്യകൾവെട്ടി
വീഴ്ത്തിട്ട മരിവാൾകൾ,

മനുഷ്യമഹത്വത്തി
ന്നെതിരായോങ്ങുംവാളിൻ
മുനകൾമടക്കിട്ട
മുരുക്കുചരിച്ചകൾ,

മാളികാദുർഗ്ഗങ്ങളെ
വളയുംതൊഴിലാളി
ജാഥകൾവഹിക്കേണ്ട
തീപ്പന്ത പ്പതാകകൾ.

നവലോകത്തെത്തീക്കും
പണിയാളന്മാരെടു
ത്തുശിരോ ടടരാടാ
നേകിട്ടമാഹ്വാനങ്ങൾ

കവിതാമയമായ
ലേഖമായ്, ഭാവിക്കയെ-
ച്ചിടുവാനാവശ്യമാം
സ്റ്റാമ്പു, നീ, സമ്മാനിച്ചു".

അവൾതൻ കരിനീല-
ക്കൺമുന, വില്ക്കപ്പെട്ട
പതക്കമിളക്കിയ
തിളക്കത്തോടെ മിന്നി.

## രണ്ടു്.

വിസ്തൃതമാകും ഗ്രാമ
വീഥികൾതോറും, പിന്നെ
പുസ്തകം വില്ക്കാനായി-
ട്ടിറങ്ങീ, യുവകവി.

മാനൂവിൻ മണം പാറും
ഗ്രാമവീഥിയിലൊരു
പൂന്തണൽ തേടിപ്പിടി-
ച്ചിരുന്നു, ക്രയോൽസുകൻ.

പച്ചമാങ്ങകൾ വില്ക്കാ-
നരികത്തിരുന്നൊരാ
വൃദ്ധ വില്പനതീർന്നു
കുട്ടയും കടന്നുപോയ്.

ആരുമേ വാങ്ങുന്നില്ലാ,
നോക്കിടുന്നില്ലാ, ചിന്താ-
മാധുര്യമൂറുന്ന തൻ
കവിതാ സമാഹാരം!

ചുമട്ടുചുമക്കുന്ന
ലോകത്തെക്കണ്ടു, കവി,
ചുമച്ചും, കുരച്ചുമാ-
ച്ചന്തയിലെത്തുന്നതായ്.

ചുമലും തലയുംകൊ-
ണ്ടായവർ തിരിക്കുന്നു
ദിനചക്രത്തിൻ ഘന
മേറിയോരിലകളെ.

പുസ്തകം വാങ്ങിക്കുവാ-
നവരോടഭ്യർത്ഥിപ്പ-
തർത്ഥശൂന്യമെന്നായാൾ
ഗ്രഹിച്ചു, വിശദമായ്.

കൊട്ടയിൽ കിടന്നല-
ഞ്ഞിളകും തേങ്ങാക്കുല,
വട്ടിയിൽനിന്നും കഴു-
ത്താട്ടുന്ന നേന്ത്രക്കുല,

വിയർപ്പിൻ വൻചോലക-
ളൊലിക്കും തലകളിൽ
ചലിക്കും മലകൾപോ-
ലുലയും പുൽക്കെട്ടുകൾ

ആളുകൾ ചുമന്നുകൊ-
ണ്ടാപണങ്ങളിൽപോയി
ട്ടാവഴിവന്നുവീർത്ത
മടിശ്ശീലകളോടെ.

കവിതന്നാശാനാളം
തിളങ്ങി, നഗരത്തിൽ
കവിത വിലപ്പോകും
സാദ്ധ്യത നിരൂപിക്കെ.

പുകതള്ളിടും ക്രൂററൻ
ചിമ്മിനികളും, നാനാ
മണിമാളികകളും,
ഗോപുരശൃംഗങ്ങളും,

ഹരിതമരനിര
        യ്ക്കപ്പുറമതിദൂര-
ത്തുയർത്തിക്കാട്ടുന്നൊരാ
        നഗരശ്രീയെ നോക്കി,

പുസ്തകങ്ങളും പേറി
        ക്കടുത്തവെയിൽചൂടി-
ലുത്തമോത്സാഹത്തോടെ
        നടന്നു, യുവകവി.

കാറുകൾക്കല്ലാതവി-
        ടാളുകൾക്കാക്കും, വഴി
പോകുവാൻപോലും സ്ഥല-
        മില്ലെന്നു കണ്ടീടവെ,

പാതവക്കത്തെ പൂത്ത
        വേപ്പിൻെറ ചുവട്ടിലാ
ഭാരവുമഴിച്ചുവെ-
        ച്ചിരുന്നു, യാത്രാക്ലിഷ്ടൻ.

മോടികളലതല്ലം
ജീവിതസമുദ്രത്തിൽ
താനൊരു ചെറുദ്വീപിൽ
നില്പതായയാൾ കണ്ടു.

പുസ്തകമല്ലാ, തൻെറ
രൂപത്തെപ്പോലും, കാണാൻ
പട്ടണംകൊതിക്കുന്നി
ല്ലെന്നായാൾ കണ്ടുവേഗം.

മോട്ടോറും, കുതിരയും,
മർത്ത്യനും ചുമന്നുകൊ-
ണ്ടോട്ടമാണെല്ലായ്പ്പൊഴും
പട്ടണചൈതന്യത്തെ.

മദ്ധ്യാഹ്നം കഴിയുന്നു,
ദുസ്സഹമായിട്ടുന്നു,
കത്തുന്ന വിശപ്പെന്ന
ല്ലൽക്കടമാകും വെയ്ലും.

പുസ്തകക്കെട്ടിൽ തല
ചായ്ച്ചയാളുറങ്ങിപ്പോയ്;
നിദ്രവിട്ടപ്പോൾ സ്കൂളു
പിരിയും സമയമായ്.

## മൂന്നു്.

കോൺവൻറു പിരിഞ്ഞന്ന
നടയാർന്നണയുന്നൂ,
രൂപമോഹിനികളാ-
മമൃതവചനകൾ.

മധുരപ്പതിനേഴിൻ
മർമ്മരങ്ങളാൽ, മനോ-
ഹരമക്കവിതക-
ളവർക്കു രസിക്കില്ലേ?

അവരോ നോക്കുന്നില്ലാ,
ഗൌനിക്കുന്നില്ലാ, യുവ-
ഹൃദയസ്വപ്നം വിരി
ഞ്ഞുലഞ്ഞ പൂച്ചെണ്ടിനെ.

## നാലു്

അഭിജാതമാംമുഖ-
ശോഭയോടവിടൊരു
പ്രഭുനന്ദനൻ വന്നു
പുസ്തകം പരീക്ഷിച്ചു.

താളുകൾ മറിക്കവെ
നീരസനോട്ടത്തൊടാ
കോമളാകാരൻ കാവ്യ-
കാരനെ നോക്കിച്ചൊല്ലി:—

"നവലോകത്തിൻ സൃഷ്ടി
കർത്താവാം നിങ്ങൾ, പാത-
വിരിപ്പിലിരുന്നെന്തു
പുസ്തകം വിററീടുന്നു?

സൃഷ്ടികർത്താക്കൾ, നിങ്ങൾ,
'വോൾഗ'തൻ തീരത്തിലെ
സ്വർഗ്ഗവാടിയിൽനിന്നു-
മെന്തിനായിറങ്ങുന്നു?"

## അഞ്ചു്

മററൊരാളവിടെത്തി-
　　പ്പുസ്തകമെടുത്തുതൻ
കക്ഷത്തിൽവെച്ചു, വില-
　　യെന്തെന്നു ചോദ്യംചെയ്തു.

'ഒററരൂപ'യെന്നല്ലോ
　　രുത്തരം, തളർന്നോരാ
ഗദ്ഗദകണ്ഠൻ കവി
　　പറഞ്ഞു, വിനീതമായ്.

ഒററരൂപതൻ നോട്ടു
　　പോക്കററിൽനിന്നും വലി
ച്ചിട്ടയാളലക്ഷ്യമായ്
　　ക്കവിതൻ തൊഴുകൈയിൽ.

*　　*　　*　　*

ചിരിതൻ നരമിന്നു
മധുരമമത്തിക്കൊ-
ണ്ടരനാഴിക കഴി-
ഞ്ഞാനരൻ തിരിച്ചെത്തി.

"സാറൊന്നു ക്ഷമിക്കണേ"
പറഞ്ഞുതുടങ്ങിയാ
നൂതനൻ "സിഗററ്റിൻ
പണംഞാൻ നിങ്ങൾക്കേകി.

കടമായെനിക്കൊരു
രൂപയേകുവാനല്ല
കടമ, നിക്ഷിപ്തമായ്,
നിങ്ങളിലതുമൂലം."

ഒരുവാക്കരിയാടാ-
തുടനെ യുവകവി
തിരികെക്കൊടുത്തയാ-
ളേകിയോരുറുപ്പിക.

ആ നരൻ, സരസമായ്
പ്പറഞ്ഞു, വീണ്ടും, "ഗ്രന്ഥ
കാരനാമങ്ങളാണൊരു
തികഞ്ഞ സഹൃദയൻ.

കടമായെനിക്കൊരു
ഗ്രന്ഥമേകുവാൻ തമ്മി
ലറിയാതിരുന്നിട്ടും
സന്നദ്ധനായീ, ഭവാൻ.

വീഥിയിൽവച്ചാദ്യമായ്
കണ്ടതാമെന്നോ വീണ്ടും
കാണുവാനിടവരാ-
തിരുന്നാലല്ലോ, കഷ്ടം.

അതിനായങ്ങേക്കൊരു
പണയംതരാൻ, വേറെ
വകയില്ലല്ലോ തന്ന
പുസ്തകമല്ലാതൊന്നും".

പുസ്തകംവീണ്ടുംയുവ-
കവിതൻകയ്യിൽകൊടു-
ത്തിത്രയുംപറഞ്ഞയാൾ
ചിരിച്ചുനടന്നുപോയ്

## ആറ്

ആവഴിക്കപ്പോൾവന്നു
ദാമ്പത്യവനികയി-
ലാദ്യമായ്തമ്മിൽക്കണ്ടു
മുട്ടിയോരാണുംപെണ്ണും.

ആയുവാവെടുക്കുന്നു
പുസ്തകം, വായിക്കുന്നു,
താളുകൾമറിപ്പതി
ന്നിടയ്ക്കുചിലതൊക്കെ.

പുഞ്ചിരിപുരണ്ടയാൾ-
        ക്കല്ലൊല്ലും, 'മധുവിധു'
വെന്നൊരുവാക്കിൽതന്റെ
        കൺകതിർപതിക്കവെ.

വരികൾനാലഞ്ചയാൾ
        വിഴുങ്ങി, വികസിച്ചു
മിഴിയാൽ, പിന്നീടൊരു
        പുച്ഛഭാവമോടോതി:—

'ഞങ്ങൾതൻമധുവിധു
        വായിട്ടുംമഹോത്സവം
ഞങ്ങളങ്ങാഘോഷിച്ചു
        കഴിഞ്ഞു, കഴിഞ്ഞാണ്ടിൽ.

അതിനാലിതുവായി
        ച്ചുപകാരങ്ങളൊന്നു
മിനിയുമുണ്ടാകുവാ-
        നിടയില്ലതു, തീച്ച്".

ലജ്ജയാൽമണവാട്ടി
തലചായിക്കെ, വീണ്ടു
മുജ്ജ്വലഗർവ്വത്തോടെ
പറഞ്ഞു, ജയഭാവൻ:—

"എങ്കിലിന്നൊഴുതുക,
ഞങ്ങൾതൻവൈവാഹിക
മംഗലമഹാമഹ
വിജയാപദാനങ്ങൾ.

വില്പനനന്നായ്‌വരും
നിശ്ചയ, മൊരുപ്രതി-
ക്കിപ്പൊഴേതരാംഞാനൊ-
രല്പാരമരത്രപ".

ഹീനമിപ്പരിഹാസം
കേട്ടൊരാസമുദായ
കോകില, മാലോചനാ-
ലീനനായിരിക്കവെ,

മങ്കയാൾനാണംപൂണ്ടു
നടന്നു, വേഗംപട്ടു-
വങ്കനാംകണവനു-
മവളെത്തുടർന്നുപോയ്.

## ഏഴ്.

തലയിൽഖദർത്തൊപ്പി
യണിഞ്ഞിട്ടതുവഴി
വലിയകുടവയ-
റുന്തിപ്പോമൊരാൾവന്നു.

പുസ്തകംകണ്ടിട്ടയാൾ
ശ്രദ്ധിക്കെ, കവിപെട്ടെ-
ന്നത്യാദരത്തോടെ
നൽകിനാനൊരുപ്രതി.

തലക്കെട്ടയാൾവായി-
ച്ചപ്പോഴേ, മുഖംപൊക്കി
ട്ടതിഗൗരവത്തോടെ
ചോദ്യമായിതേവിധം:—

"ജനന നിയന്ത്രണ
സംഗതിസംവാദിക്കും
പുതിയ ലഘുലേഖ
വില്പനയ്ക്കുണ്ടോ കൈയിൽ?"

കവിയോതി:—"ഞാനൊരു
ഗായകൻ, പുരോഗതി
സമുദായത്തെച്ചൂണ്ടി
ക്കാണിക്കും കലാകാരൻ".

അമിതരോഷത്തോടെ
കണ്ണുകൾതിളപ്പിച്ചാ
വയസ്സൻചോദിക്കയായ്:—
"തനിക്കെന്തതിൽകാര്യം?"

"സമുദായത്തിൻപുരോ-
ഗതിക്കായല്ലീ, ഞങ്ങ-
ളധികാരത്തിൻഭാര
വണ്ടികൾ വലിക്കുന്നു?

പുതുതായ് ഞങ്ങൾകണ്ടു
പിടിച്ചുസമുദായ
പരിഷ്ക്കാരമാണല്ലോ
ജനനനിയന്ത്രണം.

ബ്രിട്ടനമമേരിക്ക-
നൈക്യനാട്ടമീമട്ട
കഷ്ടത നാട്ടാരിൽ നി-
ന്നകററി, ജയംനേടി.

ഇന്നക്കൂടിയപാട്ടി
സംഘത്തിൽ സംബന്ധിച്ചോ-
രെന്നുടെ പ്രസംഗത്തിൻ
വിഷയം വേറൊന്നല്ല.

പുസ്തകക്കമ്മെററിയെ
ക്കൊണ്ടങ്ങാനംഗീകാരം
സിദ്ധമാക്കിടാം ഗ്രന്ഥം
രചിക്കിലിതേപ്പററി.

ഇല്ലപോൽ, കലാകാര-
ന്നന്നതി, സ്വാതന്ത്ര്യമാ-
മിൻഡ്യയിൽ, പ്രോത്സാഹന
മെങ്ങിനെ തരും ഞങ്ങൾ?

ഞങ്ങളുന്നയിക്കുന്ന
തന്ത്രങ്ങൾ പ്രകീൎത്തിപ്പാ-
നില്ലമേരിക്കൻ പത്ര
ലേഖകരല്ലാതാരും."

ഉത്തരമുരിയാടാ-
തപ്പോഴും യുവകവി
സ്വസ്ഥചിത്തനായ് നിന്നു
വയസ്സൻ നടന്നുപോയ്.

## ഏട്ട്

അംബരം സന്ധ്യാരാഗ
    രാജിതംമിന്നി, ദീപ
സഞ്ചയപ്രദീപ്തമായ്
    രാജപാതകൾ, വീണ്ടും.

ചൂളങ്ങൾ വീണ്ടുംവീണ്ടും
    മുഴങ്ങി, യന്ത്രച്ചക്കിൻ
മുള്ളലു നിഷ്ഠുരമായ്
    നഗരഗർഭങ്ങളിൽ.

കവിതാമലർമാല
    വില്ക്കുവാനിറങ്ങിയ
കവിതൻ കരളിലും
    ബിംബിച്ചു, സായംസന്ധ്യ.

ആരുമേനോക്കുന്നില്ലാ,
    നോക്കുന്നോർ കാണുന്നില്ലാ,
കാണുന്നോർ ഗൌനിക്കുന്നി-
    ല്ലീസൃഷ്ടിമാഹാത്മ്യത്തെ.

വരുവാൻപോകും കാല-
ഘട്ടങ്ങളോരോന്നും തൻ
കരളിൽതിങ്ങും കണ്ണീർ
കയത്തിലയാൾ കണ്ടു.

കന്യമാർകാണുന്നതൻ
കവിതാരാമ,മഭി-
നന്ദനമവർ കന്നി-
യാറുപോലൊഴുകുന്നു.

തൻമൃദുപദമുദ്ര
പതിഞ്ഞവഴിത്താര
പിൻതലമുറതിര-
ഞ്ഞലഞ്ഞുക്ലേശിക്കുന്നു.

എങ്കിലുമത്താഴത്തിൻ
മൺകലത്തിങ്കലരി
വെന്തുതുള്ളണ,മതാ
ണിന്നത്തെയത്യാവശ്യം

അരിവാങ്ങിക്കാൻപോലും
വകയില്ലല്ലോ, തന്റെ
ചെവിയിൽ മുഴങ്ങുന്നു
ഭാര്യതൻ പരാതികൾ.

പുസ്തകമൊന്നെങ്കിലും
വില്ക്കണം,മതിൻപണ-
മത്താഴംവെക്കാൻമാത്രം
പോരും—ഇന്നതുപോരും.

അല്ലെങ്കിൽ കമനിതൻ
ചട്ടലമിഴിതാഴും
മുല്ലപ്പൂവെതിർമേനി
ത്തളരും, ദയനീയം!

DHARMARAM COLLEGE LIBRARY BANGALORE
14756

## ഒൻപതു്

ആ വഴിനടന്നുപോ-
യപ്പൊഴുതൊരു, തൊഴി-
ലാളി, ഫാക്ടറിയന്ത്രം
തിരിച്ചുമടങ്ങുവോൻ.

ചുവന്നതാണകൺകൾ,
മെലിഞ്ഞകൈകാൽ, തൊലി
ചുളിഞ്ഞദേഹം, വിയ-
ർപ്പൊലിക്കും കീറത്തുണി,

കരിമൂടിയചെറു
തലയിൽക്കെട്ടെന്നിവ
വിളിച്ചുപറഞ്ഞവൻ
നിസ്വനെന്നാതൃച്ഛത്തിൽ.

പുസ്തകക്കെട്ടിൻമുമ്പിൽ
വന്നയാളാവേശത്തോ-
ടിത്തിരിനേരംനിന്നു,
കൈയൊന്നുനീട്ടിപ്പിന്നെ.

കവിതൻകൺകോണുക-
ളപ്പൊഴുംറോട്ടിൽപ്പോകും
ധനവാന്മാരെനോക്കി
മൂകമായഭ്യത്ഥിച്ചു.

## പത്ത്.

തൊഴിലാളിയക്കാവ്യ
പുസ്തകം, മെട്ടത്തതിൻ
പുറങ്ങൾമറിച്ചപ്പോ
ളയാൾതന്നുയിർമിന്നി.

പരിക്ഷീണമാനേത്ര
മുജ്ജ്വലിച്ചെന്തോചില
വരികളയാളിലൊ
രിളക്കമുണ്ടാക്കുന്നു.

മടക്കിക്കുത്തീട്ടര
മറച്ചുമുണ്ടിൻചുളി
വിതിർത്തുചെറിയൊരു
കെട്ടയാളഴിക്കുന്നു.

കാലണത്തുട്ടംചില
രണ്ടണത്തുട്ടം ചേൎത്തു
രൂപയൊന്നായാളേകി
കവിക്കുഭക്ത്യാദരം.

ആനരൻ-ദാരിദ്ര്യത്തിൻ
നിഴൽപോൽ നിന്നോൻ-തീവ്ര
വേദനനായിച്ചൊല്ലി
ക്കവിയോടിത്തേവിധം:—

"പാടുക, സഹോദരാ,
പാടുക സുശക്തമായ്
പ്പാടുപെട്ടിടുവോൻെറ
സമരസരണിയിൽ.

യന്ത്രങ്ങൾമുളുമ്പോഴും,
മുതലാളിതൻക്രൂര
തന്ത്രങ്ങൾവയറിന്മേൽ
വടങ്ങൾ കെട്ടുമ്പോഴും,

ഞങ്ങൾക്കെന്താവേശവു-
മുണൎവ്വും തരുന്നില്ല
നിങ്ങൾതൻ പുരോയാന
നിർദ്ദേശസംഗീതങ്ങൾ.

മനുഷ്യശത്രുക്കളെ
ത്തകൎത്തു, നവലോക
മഹിമ മിന്നുംകൊടി
ക്കൂറകളുയൎത്തുവാൻ

പായുന്നു, സംഘങ്ങളായ്,
കുതിരപ്പുറത്തേറി
പ്പായുന്നു, പണിചെയ്തു
പട്ടിണികിടക്കുവോർ.

അപ്പടനീക്കത്തിന്റെ
നൽക്കുളമ്പടികളീ
പ്പുസ്തകം മുഴക്കുന്നൊ-
ന്നൊനിക്കുതോന്നിപ്പോയി.

ഉയിരുമൃന്മേഷവും
പകൻുകൊടുക്കേണ്ട
കുഴലൂത്തുകൾവേണ
മിപ്പടനീക്കംതന്നിൽ.

പട്ടിണിയാണെങ്കിലും,
വിളക്കുകത്തിക്കുവാ-
നിത്തിരിമണ്ണെണ്ണയെൻ
വീട്ടിലില്ലെന്നാകിലും

വാങ്ങുംഞാൻ മനസ്സിനു
ഭക്ഷണം നൽകീട്ടാത്മ
ദീപത്തെത്തെളിക്കുമീ-
യത്ഭുതകലാസൃഷ്ടി.

ക്രൂവിട്ടും പൂങ്കോഴിതൻ
കഴുത്തു ഞെരിക്കുന്നാ
രാവിൻെറ ചോരന്മാരു-
ണ്ടവരെസൂക്ഷിക്കണേ.

ഇപ്പാട്ടിൻ വിലയെന്ത-
   ന്നറിയാൻ കഴിവുള്ളോ-
രിപ്പൊഴുമധികമു-
   ണ്ടഭ്യാസം ചെയ്യോർകളിൽ.

കഴിഞ്ഞ കാലങ്ങൾതൻ
   കൊള്ളക്കാരൊളിക്കുന്നോ-
രിരുളിൻ മറകത്തും
   പന്തങ്ങൾ ജ്വലിപ്പിക്കാൻ

നിങ്ങൾതന്നൊരിയുന്ന
   ചിന്തയിൽനിന്നും കനൽ
ച്ചില്ലുകളുയന്നുയ-
   ന്നുജ്വലമായിടട്ടെ.

## പതിനൊന്നു്.

അന്നരാത്രിയിൽ കവി
യത്താഴമുണ്ടിടവേ
മന്ദഹാസത്തോടോതി
കാന്തയോടിതേവിധം:—

"പാറക്കെട്ടുകൾമുന്നിൽ
ക്കിടപ്പൂ, മനുഷ്യനു
കേറുവാനസാദ്ധ്യമാ-
മുന്നതശൃംഗത്തോടെ.

അപ്പുറത്തനല്പമാ-
മൈശ്വര്യം വിളയുന്നാ
കല്പക വനികകൾ
കിടപ്പൂ, വിശാലമായ്.

ഇന്നത്തെപ്പാറക്കെട്ടു
തുരന്നു നാളേക്കുള്ള
നൽവഴി തുറക്കുന്നു
വമ്പിച്ച പ്രയത്നത്തിൽ.

ശക്തിമന്ദിരംപോലെ
കവിതൻ ചിന്താശക്തി
നിത്യവും സംഭാവന
നൽകികൊണ്ടിരിക്കണം.

യത്നവും പാട്ടും, പാട്ടും
യത്നവു,മെന്നല്ലാതെ
സ്വപ്നംകണ്ടിരിക്കുവാൻ
സമയമയാൾക്കില്ല.

സ്വപ്നങ്ങൾ പൂക്കുന്നെങ്കിൽ
പറിക്കാം, പുലർകാല-
മെത്തിനോക്കുമ്പോൾ നല്ല
നാളെതൻ പൂമുററത്തിൽ.

മലകൾത്തുരന്നു നാ-
മിരുട്ടിൽ, നീങ്ങിടുമ്പോ-
ളനിഷേദ്ധ്യമായ് വേണ്ട
തൊന്നുതാൻ– കനൽപ്പന്തം.

പണിയാളനെ സേവി-
ച്ചീടുക, നിരന്തരം
പണിയുമവനൊരു
സ്വർഗ്ഗരാജ്യമീമണ്ണിൽ.

ബൈബിളിൽവിളിക്കൊണ്ട
ശമര്യാക്കാരൻ തന്നെ
ഇന്നൊന്നോ സഹായിച്ച
സാധുവാം തൊഴിലാളി.

അവൻെറ കൈയ്യിൽനിന്നും
പകർന്നോന്നണയാത്ത
കനലെൻ കൈയിൽക്കെട്ട
തീവെട്ടി കൊളുത്തുവാൻ.

മർത്ത്യനെമറ്റിച്ചീടും
ശക്തികളൊടുങ്ങുന്ന
കല്പാന്തകാലാനല
നിപ്പന്തം പകർത്തണം."

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00014756*
T61 C35

T 61
C 35

Indic Digital Archive Foundation
gpura.org